# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 822 13-06-2012 ൽ മറുപടിക്ക്

## കോഴിക്കോട് താലൂക്കിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. റ്റി. എ. റഹീം** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് താലൂക്കിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണുള്ളത് ; ഇവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; ജോലി സാധ്യതകൾ മുഴുവൻ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലായതിനാൽ ഇവിടെ ഉണ്ടാകുന്നഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ; എങ്കിൽ എന്തെല്ലാമാണവ എന്ന് പറയുമോ ; | (എ) കോഴിക്കോട് താലൂക്കിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട്, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, താമരശ്ശേരി എന്നിങ്ങനെ രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്. പി.എസ്.സിയുടെ പരിധിയിൽ വരുന്ന ഫുൾടൈം താത്കാലിക, പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകളിലേയ്ക്ക് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നു. പി.എസ്.സി യുടെ പരിധിക്കുള്ളിൽ വരാത്ത ഒഴിവുകൾ ഒരു മേഖലയിൽ മാത്രമേയുള്ളുവെങ്കിൽ സംസ്ഥാന തലത്തിലും അല്ലെങ്കിൽ മേഖലാടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്. ജില്ലയിലെ സബ്സ്റ്റിറ്റ്യൂട്ട് കണ്ടിജന്റ് വർക്കേഴ്സിന്റെ ഒഴിവുകൾക്ക് അതാത് പരിധിയിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നുവെന്ന പൊതുമാനദണ്ഡമാണ് കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഒഴിവുകൾക്കും സ്വീകരിച്ചു വരുന്നത്. |
| (ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് വിജ്ഞാപനം ചെയ്യുന്നത് എന്ന് അറിയിക്കുമോ ; | (ബി) ഒഴിവുകളുടെ എണ്ണം 50 നു താഴെയെങ്കിൽ കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും അതിൽ കൂടുതലാണെങ്കിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് വഴിയുമാണ് വിജ്ഞാപനം ചെയ്യുന്നത്. |
| (സി) കോഴിക്കോട് താലൂക്കിൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ? | (സി) കോഴിക്കോട് താലൂക്കിൽ കുന്ദമംഗലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ